DESPATCHED
On. 14/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 2160*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുളള നടപടിക്രമം**
**(ഫയൽ നമ്പർ 90/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോസഫ് മാർഷൽ കൊറയ,
കുറ്റിക്കപ്പറമ്പിൽ വീട്,
മഞ്ഞുമ്മൽ (പി.ഒ),
നിയർ അമലാൽഭവമാത ചർച്ച്,
എറണാകുളം - 683 501. } ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ഏലൂർ മുനിസിപ്പാലിറ്റി,
   എറണാകുളം - 683 501.

2. അപ്പീൽ അധികാരി,
   ഏലൂർ മുനിസിപ്പാലിറ്റി, എറണാകുളം - 683 501.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുളള അപേക്ഷാ തീയതി | 02/11/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11/12/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16/12/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03/01/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03/01/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 10/01/2023<br>ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോസഫ് മാർഷൽ കൊറയ 03/01/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 2160(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ അപൂർണമായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 02/11/2019 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ റീസർവ്വെ നമ്പർ 27-ൽ ഉൾപ്പെടുന്നതും, ടിയാന്റെ കിഴക്ക് അതിർത്തിയിൽ പുതിയതായി സ്ഥാപിച്ചിരിക്കുന്ന മഞ്ഞുമ്മൽപള്ളി വരാപ്പുഴ അതിരൂപതയുടെ എന്ന് പറയപ്പെടുന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന 'Guardians Angels School UP/LP School Building-നെ കുറിച്ചുള്ള താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. ടി ബിൽഡിംഗിന് പെർമിറ്റ് കൊടുത്തിട്ടുണ്ടോ എന്നും ആയതിന്റെ പകർപ്പും
2. ടി ബിൽഡിംഗിന് ഒക്യുപൻസി കൊടുത്തിട്ടുണ്ടോ എന്നും ആയതിന്റെ പകർപ്പും
3. ടി ബിൽഡിംഗിന്റെ പ്ലാൻ തുടങ്ങിയ അനുബന്ധരേഖകൾ എന്നിവയുടെ പകർപ്പും
4. ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷകൻ ഹാജരാക്കിയ രേഖകളുടെ പകർപ്പും മറ്റുമായി 10 ഇനം വിവരങ്ങളും ലഭ്യമാക്കണമെന്നാണ്.

4. 11/12/2019 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

5. 07/01/2023 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ 03/01/2020-ലെ കത്ത് പ്രകാരം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷയിന്മേൽ 18/06/2021-ൽ അപ്പീൽ അധികാരിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെന്നും ആയത് പ്രകാരം 28/07/2021-ൽ റിപ്പോർട്ട അയച്ച നൽകിയിട്ടുണ്ടെന്നും, ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനും അയച്ച നൽകിയിട്ടുണ്ടെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 6, 8 എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ഒരാഴ്ച്ചക്കുള്ളിൽ നൽകണമെന്നു എതിർകക്ഷിയ്ക്ക് 10/01/2023-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷിയുടെ 17/01/2023-ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV